(ബി) ഭരണാനുമതി തുക വർദ്ധിപ്പിച്ച് നൽകാൻ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് പാലം വിഭാഗം പദ്ധതിയുടെ അലൈൻമെന്റ് പുതുക്കിയതായും ആയതുപ്രകാരം എസ്റ്റിമേറ്റ് തുക വർദ്ധിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ധനാനുമതി പുതുക്കി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് .

കിഫ്ബിയിൽ ലഭിച്ച തുക

29 (1753) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റും വായ്പകളും പ്രത്യേകം നൽകാമോ; ഓരോ തുകയ്ക്കും നൽകേണ്ട പലിശനിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ദേശീയ/അന്തർദ്ദേശീയ വിപണിയിൽനിന്ന് ധനസമാഹരണം നടത്തുന്നതിന് സീഡ്ക്യാപ്പിറ്റൽ എന്ന നിലയിൽ 2498.4 കോടി രൂപ പ്രാഥമികമായി കൈമാറി. കൂടാതെ ആന്വിറ്റി നൽകുന്നതിനോ തിരിച്ചടവ് ബാധ്യതകൾ വീട്ടുന്നതിനോ ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾക്കായോ കേരള അടിസ്ഥാന സൗകര്യ വികസന നിധി (ഭേദഗതി)ആക്ട്-2016 പ്രകാരം എല്ലാവർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) കൈമാറുന്നുണ്ട്. 2021 ജൂൺ 30 വരെ മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 5862.48 കോടി രൂപയും പെട്രോളിയം സെസിന്റെ വിഹിതമായി 2673.71 കോടി രൂപയും കൈമാറിയിട്ടുണ്ട്. കിഫ്ബി 2021 ജൂൺ 30 വരെ വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. പലിശ വിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിഫ്ബിയിൽനിന്നും ഇതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഏതെല്ലാം പദ്ധതികൾക്കാണ് ചെലവാക്കിയിട്ടുള്ളത്; എത്ര പദ്ധതികൾ പൂർണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ നിന്നും വിവിധ പദ്ധതികൾക്കായി 26-7-2021 വരെ 12,830.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ ഉൾപ്പെടുത്തി 7 CCU, 8 കാത്ത് ലാബുകൾ, 43 ഡയാലിസിസ് കേന്ദ്രങ്ങൾ, പുനലൂർ താലൂക്ക് ആശുപത്രി ഉൾപ്പെടെ ആകെ 199 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഉൾപ്പെടെ ആകെ 996.84 കോടി രൂപയുടെ 24 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 507.61 കോടി രൂപയുടെ 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് (3 കോടി രൂപയുടെ 58 സ്കൂളുകൾ, 5 കോടി രൂപയുടെ 67 സ്കൂളുകൾ). ജലവിഭവ വകുപ്പിനുകീഴിൽ 178.34 കോടി രൂപയുടെ ഒൻപത് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഐ.ടി.ഐ. കെട്ടിടങ്ങൾ/പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങി ആകെ 34.31 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ 28.78 കോടി രൂപയുടെ 25 സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായികയുവജനക്ഷേമ വകുപ്പിനുകീഴിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, കുത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, ഏടപ്പാൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ മിനി സ്റ്റേഡിയം, പറളി സ്പോർട്സ് പ്രോജക്ട്, അയ്മനം ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം എന്നീ 33.65 കോടി രൂപയുടെ 5 സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 977.46 കോടി രൂപയുടെ പെട്രോ കെമിക്കൽ പാർക്കിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

30 (1754) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.